# ഷെവലിയർ ജേക്കബ് തറയിൽ

( P. C. L. )

ബിഷപ്പ് ഡോക്ടർ തോമസ് തറയിൽ തിരുമേനിയുടെ പിതാവാണ് ഇദ്ദേഹം. പ്രസിദ്ധരായിരുന്ന തറയിൽ ബ. യൗസേപ്പച്ചൻ (ലവീഞ്ഞു മെത്രാനച്ചന്റെ വാക്കുകളിൽ പറഞ്ഞാൽ 'വിശ്വസ്തനും വിവേകിയുമായിരുന്ന – ആലോചനക്കാരൻ' ഇദ്ദേഹം നിര്യാതനായതു 1883 കുംഭത്തിൽ) തറയിൽ തൊമ്മി, പന്നിവേലിൽ കുഞ്ഞാറിയും എന്നിവരുടെ സഹോദരനായിരുന്ന കരുവിളയുടെ ഏക പുത്രനായ സർ ജേക്കബ് കൊല്ലവർഷം 1036–ൽ ജനിച്ചു. വിവാഹം കഴിച്ചതു മാക്കീലായ പ്രാലേൽ മറിയാച്ചിയേയാണു്. 4 ആൺ മക്കൾ ഉൾപ്പെടെ ഏഴു സന്താനങ്ങൾ ഉണ്ടായിരുന്നു, കൈപ്പുഴയുള്ള പാലത്തുരുത്തു പള്ളിയും പള്ളി മുറിയും സ്കൂളും മററും തന്റെ സ്വന്ത ചിലവിൽ പണികഴിപ്പിച്ചു സമുദായത്തിനു വിട്ടുകൊടുക്കുകയും പ്രസ്തുത ദേവാലയ നടത്തിപ്പിനുവേണ്ട എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുകയും ചെയ്തു. കൂടാതെയും സാമ്പത്തികമായി പല സന്ദർഭങ്ങളിലും പള്ളികളേയും, രൂപതയേയും സഹായിച്ചിട്ടുമുണ്ട്. കാലം ചെയ്ത ചൂളപ്പറമ്പിൽ പിതാവിന്റെ കാലത്തു മാർപ്പാപ്പാ തിരുമേനിയിൽനിന്നും സ്തുത്യ പുരുഷനു 1933–ൽ മാടമ്പിസ്ഥാനം (Knight of St Silvester) ലഭിച്ചു. ഇതിന്റെ ഔദ്യോഗിക സ്വീകരണച്ചടങ്ങ് അന്നത്തെ ചങ്ങനാശേരി, വിജയപുരം, കോട്ടയം എന്നീ രൂപതാദ്ധ്യക്ഷന്മാരുടേയും ഒട്ടനവധി വൈദികരുടേയും നിരവധി പൗരമുഖ്യരുടേയും സാന്നിദ്ധ്യത്തിലാണു നടന്നതു്. പതിവായി ദിവ്യബലിയിൽ സംബന്ധിക്കുന്ന കാര്യത്തിലും നിത്യവും വിശുദ്ധ കുർബാന സ്വീകരിക്കുന്നതിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നു, ഒന്നാംതരം കർഷകനും ഒരു സാമ്പത്തിക വിദഗ്ദ്ധനുമായിരുന്ന മാടമ്പി. 1948 സെപ്റ്റംബർ 11–ാം തീയതി, കാലംചെയ്ത ചൂളപ്പറമ്പിൽ ബിഷപ്പ് അന്നത്തെ കോ-അഡ്ജത്തോർ ബിഷപ്പ് മാർ തോമസ് തറയിൽ എന്നീ തിരുമേനിമാരുടെയും ഒട്ടനവധി വൈദികരുടേയും സാന്നിദ്ധ്യസഹകരണത്തിൽ അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ സ്വീകരിച്ചു കർത്താവിൽ നിദ്രപ്രാപിക്കുകയും പിറേറ ദിവസം മേൽ പറയപ്പെട്ട വൈദിക മേലദ്ധ്യക്ഷന്മാരുടേയും, ചങ്ങനാശേരി, വിജയപുരം എന്നീ തിരുമേനിമാരുടേയും സാന്നിദ്ധ്യത്തിൽ മൃതദേഹം പാലത്തുരുത്തു പള്ളിയിൽ സംസ്കരിക്കുകയുമുണ്ടായി.

# ഷെവലിയർ ജോസഫ് കണ്ടോത്തു്

## സേവന നിരതമായ ഒരു പാവനചരിത്രം

(Mgr. C. J. Mattathil)

"എല്ലാവർക്കും എല്ലാമായി" എന്നാൽ ആർക്കുമാർക്കും പ്രത്യേകതയില്ലാതെ, ഏവർക്കും കലവറകൂടാതുള്ള ഉത്തേജനവും, പ്രോത്സാഹനവും, സഹായവും, ആഹ്ലാദവും പകർന്നുകൊടുത്തുകൊണ്ട് 76 സംവത്സരക്കാലം ബഹുവിധ പ്രവർത്തന മണ്ഡലങ്ങളിൽ വിശ്രമരഹിതനായി, സ്വയംപരിത്യജിച്ചുകൊണ്ട് ജീവിക്കുകയും സത്യത്തിനും നീതിക്കും വേണ്ടി പോരാടുകയും ചെയ്ത ഷെവലിയർ വി. ജെ. ജോസഫിന്റെ കൈമുതൽ സേവനനിരതമായ ഒരു പാവന ചരിത്രമാണ് എന്ന് സൂക്ഷ്മദൃക്കായ അഭിവന്ദ്യ തറയിൽ തിരുമേനി 1969 ജൂലായി 24–ാംനു- പ്രൊഫസ്സർ ജോസഫിന്റെ ശവസംസ്കാരവേളയിൽ നടത്തിയ ചരമപ്രസംഗത്തിൽ വിശേഷിപ്പിക്കുകയുണ്ടായി.

അനിതരസാധാരണമായ ബുദ്ധിവൈഭവം, മനക്കരുത്ത്, ആജ്ഞാശക്തി, പ്രയത്നശീലം, സ്ഥിരോത്സാഹം എന്നിത്യാദി ഗുണവിശേഷങ്ങൾ സ്വായത്തമാക്കി, ഉന്നതതലങ്ങളിൽ ചരിത്രം സൃഷ്ടിച്ച പ്രഗത്ഭമതികളുടെ ജീവിതചരിത്രം സംക്ഷിപ്തമായി വിരചിക്കുവാൻ എത്രതന്നെ ആത്മാർത്ഥതയോടുകൂടി പരിശ്രമിച്ചാലും അതു തികച്ചും അപൂർണ്ണമായിരിക്കുമെന്നുള്ള ഉത്തമബോദ്ധ്യത്തോടുകൂടിയാണ് ഇതെഴുതുന്നത്.

പ്രയത്നശീലരും, സ്വാതന്ത്ര്യപ്രേമികളും, സമുദായസൗഹാർദ്ദതയിൽ കഴിയുന്നവരും ഉല്ലാസവാന്മാരുമായ ഏതാനും ഭൂഉടമകൾ അധിവസിക്കുന്ന സ്വച്ഛവും സുന്ദരവുമായ ഒരു ചെറിയ ഗ്രാമപ്രദേശമായ വാരപ്പെട്ടിയാണ് ഷെവലിയർ ജോസഫിന്റെ സ്വദേശമെങ്കിലും ചെറുപ്പകാലം കഴിച്ചുകൂട്ടിയതു കൈപ്പുഴ മാതൃഭവനമായ ഒട്ടക്കാട്ടിലാണ്. മാതുലനായ റവ. ഫാദർ ജേക്കബ് മലയിൽ അവർകളുടെ സംരക്ഷണത്തിലാണ് പ്രാഥമിക വിദ്യാഭ്യാസവും കോളജ് വിദ്യാഭ്യാസവും നിർവ്വഹിച്ചതു. കൈപ്പുഴയിലും പ്രാന്തപ്രദേശങ്ങളിലുമുള്ള എല്ലാ ജനങ്ങളുമായി അക്കാലത്ത് ഇടപഴകുകയും സഹകരിച്ചു അവരുടെ നന്മക്കുവേണ്ടി പ്രവർത്തിക്കുകയും, അവരി

ൽ ഒരാളെപ്പോലെ ജീവിക്കുകയും ചെയ്തതിൻെറ ഫലമായി അദ്ദേഹം എല്ലാവർക്കും ഏറ്റം പ്രിയം കരനായിത്തീരുകയും അവരുടെ ഇടയിൽ അദ്ദേഹ, "ഒട്ടക്കാട്ടിൽ കുഞ്ഞപ്പൂ'' എന്ന അപരനാമത്താൽ അറിയപ്പെടുകയും ചെയ്തു.

തൃശ്ശിനാപ്പള്ളിൽ സെൻറ് ജോസഫ്സ് കോളജിൽ സയൻസ് വിഷയമെടുത്തു പഠിക്കുകയും എം. എ. ഓണേഴ്സ് ബിരുദം, ഒന്നാംക്ലാസ്സിൽ, അദ്ദേഹം നേടിയെടുക്കുകയും ചെയ്തു. അദ്ധ്യയനകാലത്തു് എല്ലാ ക്ലാസ്സുകളിലും അദ്ദേഹത്തിന് സ്കോളർഷിപ്പ് ലഭിച്ചിരുന്നു. പൊതുവായ സകല കാര്യങ്ങളിലും സതീർത്ഥ്യരുമായി നിസ്വാർത്ഥം സഹകരിക്കുകയും അവർക്കു ഉത്തേജനവും, പ്രോത്സാഹനവും, ആഹ്ലാദവും നൽകുകയും ചെയ്തിരുന്നതുകൊണ്ടു് അവരുടെ വിശ്വാസം ആജ്ജിക്കുവാനും അവർക്കു നേതൃത്വം നൽകുവാനും അദ്ദേഹത്തിന് സാധിച്ചിരുന്നു.

എം. എ. ബിരുദം സമ്പാദിച്ചയുടനെതന്നെ അദ്ദേഹം മംഗലാപുരം സെൻറ് അലോഷ്യസ് കോളജിൽ പ്രൊഫസ്സർ ഉദ്യോഗം സ്വീകരിച്ചു. ഭാരത സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള മുറവിളി രാജ്യമാകെ മുഖരിതമാകുകയും, ഗോളാന്തര ഗവേഷണങ്ങളും നവീനാശയങ്ങളും ത്വരിതഗതിയിൽ മുന്നേറുകയും, വിദ്യാർത്ഥികളും പൊതുജനങ്ങളും വിവിധ ചേരികളിൽ പെട്ട് നിയമ നിഷേധകത്തിന് ആഹ്വാനം ചെയ്തും, നിരീശ്വരത്വം പ്രസംഗിച്ചും നാടാകെ വിപ്ലവമുണ്ടാക്കുവാൻ സമുന്നതരായ ഏതാനും നേതാക്കളുടെ പിറകെ അറസ്റ്റും തടങ്കലും സ്വാഗതം ചെയ്തു കൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അതു്. അതീതകാലങ്ങളെ കണക്കിലെടുത്തു് ആനുകാലികപ്രശ്നങ്ങളെപ്പററി പഠിക്കുവാനും, അവയ്ക്കു് മാനുഷികമായും ശാസ്ത്രീയമായും പരിഹാരം കണ്ടെത്തുവാനും, സാധാരണ ജനങ്ങൾക്ക് ബോദ്ധ്യമാകത്തക്കവിധം അവയെ പ്രചരിപ്പിച്ച് യുവലോകത്തെ സമുദ്ധരിക്കുവാനുമുള്ള മാർഗ്ഗങ്ങളെപ്പററി അഗാധപാണ്ഡിത്യനും, നല്ലംതികഞ്ഞൊരു ചിന്തകനും, വാഗ്മിയുമായിരുന്ന പ്രൊഫസ്സർ ചുഴിഞ്ഞാലോചിച്ചു. മതാത്മകവും, മതേതരവും വിദ്യാഭ്യാസപരവും, രാഷ്ട്രീയവുമായ മേഖലകളിൽ നിർണ്ണായകമായ സ്വാധീനം, പ്രത്യേകമായി ശിഷ്യഗണത്തിൽ, ചെലുത്തുവാൻ അദ്ദേഹത്തിന് അധികകാലം വേണ്ടിവന്നില്ല. അന്നു് മംഗലാപുരത്തു് മലയാളികളായ വളരെയധികം വിദ്യാർത്ഥികളും, ഉദ്യോഗസ്ഥന്മാരും, വ്യവസായികളുമുണ്ടായിരുന്നു. അവരെ പ്രൊഫസ്സർ സംഘടിപ്പിച്ച് ഒരു മലയാളി ക്ലബ്ബു് പട്ടണമദ്ധ്യത്തിൽ സ്ഥാപിച്ചു. ആഴ്ചതോറും ക്ലബ്ബിൽ വച്ചും, അവരുടെ ആഭിമുഖ്യത്തിൽ മററു സ്ഥലങ്ങളിൽ വച്ചും പഠനക്കളരികളും പ്രസംഗയോഗങ്ങളും നടത്തിവന്നിരുന്നു. ഗോളാന്തര ഗവേഷണങ്ങളെപ്പററിയും, സൂര്യചന്ദ്ര നക്ഷത്രങ്ങളുടെ ഗതിവിഗതികളെക്കുറിച്ചും ഈശ്വരാസ്തിക്യത്തെ പുരസ്കരിച്ചും ശാസ്ത്രീയമായും എന്നാൽ ലളിതമായും അദ്ദേഹം അവരെ പഠിപ്പിക്കുകയും ബോധവാന്മാരാക്കുകയും ചെയ്തു. നാടാകെ പ്രചരിച്ചുകൊണ്ടിരുന്ന നൂതന നിരീശ്വര കമ്മ്യൂണിസ്റ്റു് സിദ്ധാന്തങ്ങളിൽപതിയിരിക്കുന്ന അടിസ്ഥാനപരമായ അബദ്ധങ്ങളെ ക്രാന്തദർശിയായിരുന്ന അദ്ദേഹം തദവസരങ്ങളിൽ തനിനിറത്തിൽ അവരെ മനസ്സിലാക്കിയിരുന്നതുകൊണ്ടു വിപ്ലവാത്മകവും നിഷിദ്ധവുമായ സിദ്ധാന്തങ്ങളിൽനിന്നു് അനേകമനേകമാളുകളെ അകററി നിർത്തുവാനു അദ്ദേഹത്തിനു സാധിച്ചു. ഉദ്യോഗത്തിൽനിന്ന് വിരമിച്ചു് മംഗലാപുരത്തുനിന്നു നാട്ടിലേക്കു് മടങ്ങുന്നതുവരെ പ്രൊഫസർ പ്രസ്തുത ക്ലബ്ബിൻെറ സ്ഥിരം പ്രസിഡണ്ടും, അവരുടെയെല്ലാം സുഹൃത്തും, നേതാവുമായിരുന്നു.

കോളജിൽ പ്രൊഫസറായിരുന്ന കാലത്തു് അദ്ദേഹം കോളജിൻെറ എല്ലാമായിരുന്നു. സയൻസു് വിഷയത്തിൽ ഏതാനും പാഠ്യപുസ്തകങ്ങൾ അദ്ദേഹം വിരചിച്ചു. കോളജ് വിദ്യാർത്ഥികൾക്കു ഗ്രഹിക്കുവാൻ പ്രയാസമുണ്ടായിരുന്ന വിഷമമേറിയ ചില ഭാഗങ്ങൾ അക്ലിഷ്ടമനോഹരമായി അദ്ദേഹത്തിൻെറ പുസ്തകങ്ങളിൽ പ്രതിപാദിച്ചിരുന്നതുകൊണ്ടു് എല്ലാ കോളജ്കളിലും അവ പ്രചരിക്കുവാനും പാഠ്യപുസ്തകങ്ങളായി സ്വീകരിക്കുവാനും അധിക കാലതാമസം വേണ്ടിവന്നില്ല. ചുരുങ്ങിയ കാലയളവിൽ അവയ്ക്കു പല പതിപ്പുകൾ ഉണ്ടായി എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്.

മദ്ധ്യവേനൽ അവധിക്കാലത്തു് പ്രൊഫസർ നാട്ടിൽ വരുന്നതിനെ അനേകർ അത്യാകാംക്ഷയോടെയാണ് കാത്തിരുന്നിട്ടുള്ളതു്. വ്യക്തികൾ തമ്മിലും കുടുംബങ്ങൾ തമ്മിലുമുള്ള വാശിയേറിയ തർക്കങ്ങളും കേസുകളും തീർക്കുന്നതിനും സമാധാനവും സഹോദരത്വവും പുന:സ്ഥാപിക്കുന്നതിനും വേണ്ടി അവധിക്കാലം മുഴുവ

Space Donated by:

SOUTHERN UNION
PHARMACEUTICALS

P. B. No. 81, Museum Road,

TRICHUR - 1 (KERALA)

നും അദ്ദേഹം വിനിയോഗിച്ചിരുന്നു. കച്ചേരികളിൽ അനേകകാലം കേസു കളിച്ചിട്ടും, അന്യോന്യം മാരകായുധങ്ങളെ ആശ്രയിച്ചിട്ടും തീരാതിരുന്ന ഭാഗ ഉടമ്പടി പ്രശ്നങ്ങൾ, വസ്തു തർക്കം മുതലായി അനേക കേസുകൾ അവധിക്കാലങ്ങളിൽ സമാധാനപരമായി തീർക്കുവാനും സഹോദരസ്നേഹം പുനഃസ്ഥാപിക്കുവാനും അദ്ദേഹത്തിനു സാധിച്ചിരുന്നു.

''കോട്ടയം രൂപതാ സംഘത്തെ'' പുനഃജ്ജീവിപ്പിച്ച് ''ക്നാനായ മഹാജനസഭ''യെ സംഘടിപ്പിക്കുവാനും അതിന്റെ ആഭിമുഖ്യത്തിൽ വടക്കേ മലബാറിലേക്കു അദ്ദേഹം വിഭാവന ചെയ്തിരുന്ന വിധത്തിൽ കടിയേറ്റപ്രസ്ഥാനം ഒരു യാഥാർത്ഥ്യമാക്കുവാനുംവേണ്ടി ഒരു മദ്ധ്യവേനൽ അവധിക്കാലം മുഴുവൻ പ്രൊഫസർ ഏതാനും സഹപ്രവർത്തകരും സുഹൃത്തുക്കളുമായി രൂപതയുടെ ഒരറ്റംമുതൽ മറേറ അറ്റംവരെ പര്യടനം നടത്തുകയും, എല്ലാ സ്ഥലങ്ങളിലും യോഗങ്ങൾ ചേരുകയും, ലോകപുരോഗതിയെ അവഗണിക്കുക സാദ്ധ്യമല്ലെന്നും, കാലത്തിന്റെ ചുവരെഴുത്തുകളെ പരിഗണിക്കാതെ നിവൃത്തിയില്ലെന്നും, സമുദായത്തിൽ അവശതയനുഭവിക്കുന്നവരും സ്വന്തമായി ഒരു സെന്റു സ്ഥലംപോലുമില്ലാത്തവരും ധാരാളമുണ്ടെന്നും അവരെ വേദനിപ്പിക്കുന്ന വിശപ്പ്, രോഗം, തൊഴിലില്ലായ്മ, ദാരിദ്ര്യം, അജ്ഞത മുതലായ സാമൂഹ്യദുരിതങ്ങളിൽനിന്ന് നമ്മുടെ സഹോദരന്മാരായ അവരെ സമുദ്ധരിക്കുന്നതിനുള്ള ഒരു ധർമ്മസമരമായി സംഘടിത കുടിയേറ്റപ്രസ്ഥാനത്തെ എല്ലാവരും വീക്ഷിച്ച് വിജയിപ്പിക്കണമെന്നും ആവേശഭരിതനായി, എന്നാൽ സുധീരമായും സുമധുരമായും അദ്ദേഹം ഏവരേയും ഉൽബോധിപ്പിച്ചു. സമുദായത്തിന്റെ നിലനില്പിനും, നമ്മുടെ ജനങ്ങളുടെ സമുന്നതിക്കും കോളനിപ്രസ്ഥാനം അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം സമർത്ഥിച്ചു. അന്നത്തെ എല്ലാ യോഗങ്ങളിലുംതന്നെ ആദ്ധ്യക്ഷം വഹിച്ചതു് അന്ന് ഒരു വൈദികനായിരുന്ന ഇന്നത്തെ അഭിവന്ദ്യ തറയിൽ തിരുമേനിയാണ്. കോളനിപ്രസ്ഥാനം വിജയിപ്പിക്കുവാൻ പ്രൊഫസർ സമയവും പണവും മാത്രമല്ല, സ്വജീവൻതന്നെ ബലിസമർപ്പിച്ചുകൊണ്ടെന്നപ്രകാരം പണിയെടുത്തതിന്റെ നേട്ടം എത്രമാത്രം മഹനീയവും അഭിലഷണീയവുമാണെന്ന് എല്ലാവർക്കും സുവിദിതമാകയാൽ അതു കൂടുതൽ വിവരിക്കുന്നില്ല.

പാലാ സെന്റ് തോമസ് കോളജും അതിനുശേഷം മൂവാറ്റുപുഴ നിർമ്മലാകോളജും ആരംഭിച്ചപ്പോൾ അവയുടെ പ്രഥമപ്രൻസിപ്പൽ എന്ന നിലയിൽ പ്രൊഫസർ ജോസഫ് ചെയ്തിട്ടുള്ള സേവനങ്ങൾ ഒരു കാലത്തും അതതു സ്ഥാപനങ്ങളുടെ അധിപരും വിദ്യാർത്ഥികളും പൊതുജനങ്ങളും വിസ്മരിക്കുകയില്ല. അപ്രകാരംതന്നെ ബിഷപ്പ് ചൂളപ്പറമ്പിൽ മെമ്മോറിയൽ കോളജിന്റെ ഓരോ ശിലയും പ്രൊഫസർ ജോസഫിന്റെ സേവനങ്ങളെ കൃതജ്ഞതാനിർഭരമായ വികാരവായ്പോടെ പ്രഘോഷിക്കുകതന്നെ ചെയ്യും. പ്രിൻസിപ്പൽ ഉദ്യോഗം മാത്രമല്ല, ബി. സി. എം. കോളജിൽ അദ്ദേഹത്തിനുണ്ടായിരുന്നതു്. അദ്ദേഹം കോളജിന്റെ സഹസ്ഥാപകനും കെട്ടിടങ്ങളുടെ, ശില്പിയും, ലാബ്രട്ടറികളുടെ വിധാതാവും, അദ്ധ്യാപികാദ്ധ്യേതാക്കളുടെ ''പപ്പാ''യുമായിരുന്നു.

കേരള നിയമസഭയിൽ പ്രൊഫസർ ജോസഫ് ഒരു തിരഞ്ഞെടുക്കപ്പെട്ട അംഗമായിരുന്നു. കത്തോലിക്കാ കോൺഗ്രസിന്റെ പ്രസിഡണ്ടായും അദ്ദേഹം പ്രശസ്തസേവനമനുഷ്ഠിച്ചിട്ടുണ്ട്. പ്രൊഫസർ ഉദ്യോഗം സ്വീകരിച്ച് മംഗലാപുരത്തേക്കു പോകുന്ന ഘട്ടത്തിലാണ് കുടല്ലൂർ പല്ലാട്ടുമഠത്തിൽ കുര്യൻ മകൾ അന്നമ്മയുമായി അദ്ദേഹം വിവാഹബന്ധത്തിലേർപ്പെട്ടതു്. അവർക്ക് നാലു പുത്രന്മാരും നാലു പുത്രിമാരുമാണുള്ളതു്. അവരെല്ലാവരും ഉന്നതവിദ്യാഭ്യസ്ഥരും ജീവിതത്തിൽ സാമാന്യം സമുന്നതസ്ഥാനങ്ങൾ അലങ്കരിക്കുന്നവരുമാണ്. പരിശുദ്ധ സിംഹാസനത്തിൽനിന്ന് പ്രൊഫസർ ജോസഫിന് 'ബേനെ മെരന്തി'' എന്ന ബഹുമതിയും ഷെവലിയർ സ്ഥാനവും നൽകി അദ്ദേഹത്തിന്റെ സേവനങ്ങളെ മുക്തകണ്ഠം പ്രശംസിക്കുകയും ബഹുമാനിക്കുകയും ചെയ്തിട്ടുണ്ട്. സേവന നിരതമായ ഒരു പാവന ചരിതം— എല്ലാവർക്കും എല്ലാമായി ജീവിച്ച മഹാന്മാർ ദിവംഗതരായാലും അവർ മരിക്കുന്നില്ല, മനുഷ്യഹൃദയങ്ങളിൽ അവർ ചിരം ജീവിക്കുന്നു.

With best wishes

from

RAPTAKOS BRETT & Co.,

PVT. LTD.,

WORLI, BOMBAY – 18.